**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 38** **07-06-2021 - ൽ മറുപടിയ്ക്ക്**

**സെമി ഹൈസ്പീഡ് റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സെമി ഹൈസ്പീഡ് റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ആകാശ സർവ്വേയുടെ റിപ്പോർട്ടിൽ സർവ്വേ ഓഫ് ഇന്ത്യയും കേന്ദ്രപ്രതിരോധ മന്ത്രാലയവും പരിശോധനകൾ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള ഡി.പി.ആർ ന് സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ മൂലധനസമാഹരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്വദേശ-വിദേശ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളുമായിട്ടാണ് ചർച്ച നടത്തിയിട്ടുള്ളതെന്നും ഇതിൽ എന്തെല്ലാം തീരുമാനങ്ങൾ ആണ് എടുത്തിട്ടുള്ളത് എന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജൈക, കെ.എഫ്.ഡബ്ല്യൂ. വേൾഡ് ബാങ്ക്, എ.ഐ.ഐ.ബി തുടങ്ങിയ അന്താരാഷ്ട്ര ധനകാര്യ വായ്പ ഏജൻസിയുമായി കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ് മുഖേന കത്തിടപാടുകളും ചർച്ചകളും നടത്തിയിരുന്നു. ഇതിനായി സാമ്പത്തിക കാര്യ വകുപ്പിന്റെ പ്രോജക്ട് മാനേജ്മെൻറ് ഗ്രൂപ്പ് പോർട്ടലിൽ പദ്ധതി വിവരങ്ങൾ (പി.പി.ആർ) ഉൾക്കൊള്ളിക്കുകയും പരിഗണനക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ പ്രൊപ്പോസൽ വകുപ്പ് പരിഗണിക്കുകയും അവരുടെ സ്റ്റീയറിങ്ങ് കമ്മിറ്റി ചർച്ചകളിൽ ടി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ പദ്ധതിയുടെ ഡി.പി.ആർ കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിക്ക് എത്ര തുക ചെലവ് വരും എന്നത് കണക്കാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ? | (സി) | 63941 കോടി രൂപ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ